©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2015 ഫെബ്രുവരി 25<br>25th February 2015<br>1190 കുംഭം 13<br>13th Kumbham 119(<br>1936 ഫാൽഗുനം 6<br>6th Phalguna 1936 | നമ്പർ<br>No. | 406 |

## കേരള സർക്കാർ

### തദ്ദേശ സ്വയംഭരണ (ആർ. ഡി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അ) നമ്പർ 36/2015/തസ്വഭവ. *തിരുവനന്തപുരം, 2015 ഫെബ്രുവരി*

എസ്. ആർ. ഒ. നമ്പർ 100/2015.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13), 203-ാം വകുപ്പ്, (2) ഉം (5) ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2011 ജനുവരി 14-ാം തീയതിയിലെ സ.ഉ.(അ) 19/2011/തസ്വഭവ. എന്ന നമ്പരിലുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയു എസ്.ആർ.ഒ. നമ്പർ 36/2011 ആയി ജനുവരി 14-ാം തീയതിയിലെ 81-ാം നമ്പ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ വിജ്ഞാപനം താഴെ പറയു പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് :—





### ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിന്റെ പട്ടികയിൽ,—

(എ) ക്രമനമ്പർ 1-നും അതിനുനേരെയുള്ള (2)ഉം (3)ഉം (4)ഉം കോളങ്ങളിലുള്ള ഉൾക്കുറിപ്പുകൾക്കുംശേഷം, താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| "1എ | സ്വകാര്യ ഹോസ്റ്റൽ; ഹോംസ്റ്റേ | 30 | 60" |

(ബി) ക്രമനമ്പർ 4-നും അതിനു നേരെയുള്ള (2)ഉം (3)ഉം (4)ഉം ഉൾക്കുറിപ്പുകൾക്കുശേഷം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| "4എ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ, ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവ ഉറപ്പ് (അണ്ടർടേക്കിംഗ്)-ന്റെ അടിസ്ഥാനത്തിൽ | 3 | 8 |

കുറിപ്പ്.—ക്രമനമ്പർ 4എ-യ്ക്ക് നേരെ (2)-ാം കോളത്തിലുള്ള ഉൾക്കുറിപ്പിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങൾ വിദ്യാഭ്യാസ ആവശ്യങ്ങൾക്കല്ലാതെ പുറം വാടകയ്ക്ക് നൽകുന്നതല്ലായെന്നും, അങ്ങനെ നൽകുന്നതായി കണ്ടെത്തുന്നപക്ഷം, നികുതി ഇളവ് നൽകിയ തീയതി മുതൽ ഇതേ വിഭാഗം കെട്ടിടങ്ങൾക്ക് അതതുകാലങ്ങളിൽ ബാധകമായ വസ്തുനികുതി ഒടുക്കിക്കൊള്ളാമെന്നും കെട്ടിട ഉടമസ്ഥൻ/മാനേജ്മെന്റ് ഒരു ഉറപ്പ് (അണ്ടർടേക്കിംഗ്) നൽകേണ്ടതാണ്.

(സി) ക്രമനമ്പർ 7-ന് നേരെ, (2)-ാം കോളത്തിലുള്ള, (ii)-ാം ഇനത്തിനും അതിനുനേരെയുള്ള (3)ഉം (4)ഉം കോളങ്ങളിലുള്ള ഉൾക്കുറിപ്പുകൾക്കുംശേഷം താഴെ പറയുന്ന ഇനവും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | | | |
|---|---|---|---|---|
| 7 | "(iii) | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006-ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25" |

(ഡി) ക്രമനമ്പർ 10-നും അതിനുനേരെയുള്ള (2)ഉം (3)ഉം (4)ഉം കോളങ്ങളിലുള്ള ഉൾക്കുറിപ്പുകൾക്കുംശേഷം താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| "11 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160" |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല; എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 203-ാം വകുപ്പ്, (2)-ാം ഉപവകുപ്പ് പ്രകാരം, ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിലേക്കായി, ഉപയോഗക്രമത്തിനനുസരിച്ച്, ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ, ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും, അവ പ്രാബല്യത്തിൽ വരുന്ന തീയതിയും സർക്കാർ വിജ്ഞാപനംമൂലം നിശ്ചയിച്ചിരുന്നു. ഇപ്രകാരം ഗ്രാമപഞ്ചായത്ത് ആദ്യമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 203-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്ത തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത വിജ്ഞാപനത്തിൽ ചില വിഭാഗങ്ങളെകൂടി ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യേണ്ടത് അനിവാര്യമാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ള തിനാൽ ടി ആവശ്യം നിറവേറ്റുന്നതിനായി അവയെക്കൂടി ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി വിജ്ഞാപനം.